പത്രക്കുറിപ്പ്
08-11-2017

## ‘കുടുംബശ്രീ ചിക്കൻ’ കാർഷിക മൃഗസംരക്ഷണ മേഖലയിലെ കുടുംബശ്രീയുടെ ആസൂത്രിത ഇടപെടലിന്റെ തുടർച്ച- ഐസക് തോമസ്

തിരുവനന്തപുരം: കാർഷിക മൃഗസംരക്ഷണ മേഖലയിൽ കുടുംബശ്രീയുടെ ആസൂത്രിത ഇടപെടലാണ് കുടുംബശ്രീ ചിക്കനെന്ന് ധനകാര്യ വകുപ്പ് മന്ത്രി ഡോ. തോമസ് ഐസക്. കേരള സർക്കാരും മൃഗസംരക്ഷണ വകുപ്പും കെപ്കോയുമായി ചേർന്ന് കുടുംബശ്രീ നടപ്പിലാക്കുന്ന ‘കുടുംബശ്രീ ചിക്കൻ’ ബ്രോയിലർ കോഴി വളർത്തൽ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. പശു വളർത്തലും കോഴി വളർത്തലും പണ്ട് തൊട്ടേ സ്ത്രീകൾ വീട്ടുജോലിക്കൊപ്പം ചെയ്തിരുന്നെങ്കിലും കാണാപ്പണികളായി കണ്ടിരുന്ന ഇതുപോലുള്ള ജോലികൾക്ക് കുടുംബശ്രീ വഴി ദൃശ്യതയും സ്വീകാര്യതയും ലഭിച്ചിരിക്കുക യാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കുടുംബശ്രീ ചിക്കൻ പദ്ധതിയുടെ ഭാഗമാകുന്ന അയൽക്കൂട്ട വനിതകൾക്ക് കോഴിക്കുഞ്ഞുങ്ങളെ കുറഞ്ഞ വിലയ്ക്ക് നൽകുമെന്നും വളർത്തി വലുതാക്കുന്ന ഇറച്ചിക്കോഴിക്ക് ന്യായമായ വില ഉറപ്പാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. വികസന രംഗത്ത് പാർശ്വവത് ക്കരിക്കപ്പെട്ട സ്ത്രീകളെ ഉയർത്തിക്കൊണ്ടുവരികയാണ് കുടുംബശ്രീ ചെയ്യുന്നതെന്നും അദ്ദേ ഹം പറഞ്ഞു.

സംസ്ഥാനത്തിന് ആവശ്യമുള്ള പാലും മുട്ടയും ഇറച്ചിക്കോഴിയേയും മറ്റും സ്വയം ഉത്പാദിപ്പിച്ച് സംസ്ഥാനത്തെ ഇക്കാര്യത്തിൽ സ്വയം പര്യാപ്തതയിലേക്ക് നയിക്കാനാണ് കുടുംബശ്രീ ചിക്കൻ വഴി ലക്ഷ്യമിടുന്നതെന്ന് മൃഗസംരക്ഷണ- ക്ഷീര വികസന വകുപ്പ് മന്ത്രി അഡ്വ. കെ. രാജു വ്യക്തമാക്കി. ബ്രോയിലർ കോഴി വളർത്തുന്ന 5000 കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങുകയാണ് ലക്ഷ്യമിടുന്നത്. 1000 യൂണിറ്റുകൾ ഉടൻ തുടങ്ങുമെന്നും ഇപ്പോൾ തന്നെ 274 യൂണിറ്റുകൾ കുടുംബശ്രീ ചിക്കൻ പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചു തുടങ്ങാൻ തയറായി കഴിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു. മൃഗസംരക്ഷണ വകുപ്പ്- കുടുംബശ്രീ സംയോജനത്തിന്റെ തുടക്കം കുറിക്കലും കുടുംബശ്രീ യൂണിറ്റുകൾക്കുള്ള റിവോൾവിങ് ഫണ്ട് വിതരണത്തിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവ്വഹിച്ചു.

സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശവും ആവശ്യവുമാണെന്ന തിരിച്ചറിവിൽ കുടുംബശ്രീ ആരംഭിച്ച ഭക്ഷ്യ സുരക്ഷാ ഭവനം പദ്ധതിയുടെ ലോഗോ പ്രകാശനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ നിർവ്വഹിച്ചു. കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ അയൽക്കൂട്ടങ്ങളും അവർക്കാവശ്യമുള്ള പച്ചക്കറി സ്വയം ഉത്പാദിപ്പിക്കുന്നതിനും മറ്റുള്ളവർക്ക് വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതിയാണ് ഭക്ഷ്യ സുരക്ഷയ്ക്ക് എന്റെ കൃഷി. പദ്ധതിയിൽ അംഗമാകുന്ന ഏവർക്കും പരിശീലനവും വിത്തും നൽകും. ഇതുവരെ ആറ് ലക്ഷം കുടുംബങ്ങളിൽ ഇത്തരത്തിൽ പരിശീലനവും വിത്തും ലഭിച്ചു. ഇത്തരം വീടുകളാണ് ഭക്ഷ്യ സുരക്ഷാ ഭവനങ്ങൾ. ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കാൻ കുടുംബശ്രീ ചിക്കന് കഴിയുമെന്നും ഭക്ഷ്യ ഉത്പന്ന മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ വനിതകൾക്ക് ഒരിക്കലും നഷ്ടം നേരിടേണ്ടി വരില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

ഗുണനിലവാരമില്ലാത്ത അന്യസംസ്ഥാനത്ത് നിന്നുള്ള ഇറച്ചിക്കോഴി ആഹാരമാക്കുന്നത് വഴി കേരള സമൂഹത്തെ ബാധിച്ചിരിക്കുന്ന ആരോഗ്യപരമായ തകരാറുകൾക്ക് കുടുംബശ്രീ ചിക്കൻ വഴി പരിഹാരം കാണാനാകുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിച്ച കെ. മുരളീധരൻ എംഎൽഎ പ്രത്യാശ പ്രകടിപ്പിച്ചു. ഉപയോഗിക്കുന്നവർക്ക് ആരോഗ്യം ഉറപ്പാക്കുന്ന പ്രധാന ചുമതലയാണ് കുടുംബശ്രീ വനിതകളെ സർക്കാർ ഏൽപ്പിച്ചിരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ സ്വാഗതം ആശംസിച്ചു. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ എൻ.എൻ. ശശി പദ്ധതി വിശദീകരണം

നടത്തി.

ഓണച്ചന്ത നടത്തിപ്പിനുള്ള മികച്ച സിഡിഎസുകൾക്കുള്ള അവാർഡ് വിതരണം തിരുവനന്തപുരം മേയർ അഡ്വ. വി.കെ. പ്രശാന്ത് നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു, ജീവ ടീമുകൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നടത്തി. മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി അനിൽ എക്സ് ക്ഷീര കർഷക പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം ഇമശ്രീ പ്രൊഡ്യൂസർ കമ്പനി അംഗങ്ങൾക്കും നൽകി. കെപ്കോ ചെയർപേഴ്സൺ ജെ. ചിഞ്ചുറാണി മികച്ച ജെഎൽജികളെ ആദരിച്ചു, വാർഡ് കൗൺസിലർ പാളയം രാജൻ, മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ സെക്രട്ടറി കെ.കെ. ജയരാജ്, ജില്ലാ മൃഗസംരക്ഷണ ഓഫീസർ എസ്. രാജേന്ദ്രൻ, കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ കോർഡിനേറ്റർ ഡോ. കെ. ഷൈജു എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കെപ്കോ മാനേജിങ് ഡയറക്ടർ ഡോ. വിനോദ് ജോൺ നന്ദി പറഞ്ഞു. ചടങ്ങിനോട് അനുബന്ധിച്ച് സംഘടിപ്പിച്ച സെമിനാറിൽ മൃഗസംരക്ഷണ മേഖലയിൽ കുടുംബശ്രീ എന്ന വിഷയം ഡോ. കെ.എം. ദിലീപും, ഇറച്ചിക്കോഴി വളർത്തൽ- കേരളത്തിലെ സാധ്യതകൾ എന്ന വിഷയം ഡോ. വി.കെ.പി. മോഹൻകുമാറും അവതരിപ്പിച്ചു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ